ട്രോള്ഗ്രൂപ്പിലൂടെ പരതി കണ്ടുപിടിച്ചൊരു ദളമാണിന്നിന്റെ താരം.
''ഉഴപ്പായി നടക്കാനാവതില്ല; VHSE കഴിയുമ്പോഴത് മനസ്സിനെ നോവിച്ചു.
പിന്നെയത് താണ്ടി, എയര്ഫോഴ്സിലേക്ക്''.
ട്രോളന്റെ വാക്കുകളില് ഉണ്മയുടെ തിളക്കം.

''ഈയാഴ്ചയില് പങ്കു വെയ്ക്കാന് ഗൗരിയുടെ തിളക്കമാര്ന്ന വിജയവും
കൂടിയാകുമ്പോള് സന്തോഷത്തിന് ഇരട്ടി മധുരം'' - ബാങ്കര് മനസ്സു തുറന്നു.
സസന്തോഷം,
ഉഴപ്പിന്റെ കാർകോളുകളില് പെട്ടുഴലാതെ വെണ്മേഘം തൊട്ടിറിങ്ങി
ഉല്ലാസപറവയായി മാറിയ ബാങ്കര് പ്രതിഭയെ അവതരിപ്പിക്കുന്നു

വിനോദ്. എന്
(വിനോദ് നടേശന് )
കനറാ ബാങ്ക്,
രാമമംഗലം ബ്രാഞ്ച്
എറണാകുളം ജില്ല.

എറണാകുളം ജില്ലയിലെ ഉദയംപേരൂർ പഞ്ചായത്തില് തെക്കൻ പറവൂർ
എന്ന ഗ്രാമത്തിൽ പരേതനായ ഇ.വി. നടേശന്റേയും ശ്രീമതി
ശാരദാമണിയുടേയും മൂന്നു മക്കളിൽ മൂന്നാമനായി ജനനം.

പിതാവ് ബസ്സ് ഡ്രൈെവറായിരുന്നു. മാതാവ് ഗൃഹഭരണവും
നിര്വഹിച്ചു.

പൂത്തോട്ട
KPMHS ലായിരുന്നു സ്കൂൾ വിദ്യാഭ്യാസം.
ഏറ്റവും നല്ല ഹാൻഡ് റൈറ്റിംങിന് ഏഴാം ക്ലാസ്സിൽ വച്ച് ക്ലാസ്സ് ടീച്ചറുടെ
വകയായി ഒരു നീല റെയ്നോൾഡ് പേന സമ്മാനം കിട്ടിയത്
വിലപ്പെട്ടതായി ഇന്നു തിരിഞ്ഞു നോക്കുമ്പോള്.

കായികമത്സരങ്ങളിലും
ക്രിക്കറ്റ് കളിയിലും കമ്പം മൂലം SSLC ഉഴപ്പിയതാകാം VHSE പഠനത്തിന്
ചേര്ന്നൂ എന്ന് വിനോദ്. തേവര GRFTHS ല് അസ്സലായി ഉഴപ്പിന്റെ 2
വർഷങ്ങൾ. സിനിമകൾ കാണാനും വേണം കാശും അത്യാവശ്യം ഉഴപ്പും. .

ചില സിനിമകള് ജീവിതമെന്തെന്ന് പഠിപ്പിച്ചു തരികയും ചെയ്തതിന് ആ
കമ്പത്തോട് നന്ദിയുമുണ്ടെന്ന് വിനോദിന്റെ
വാക്കുകള് (പ്രൊഫൈെലില് എഴുതിയിരിക്കുന്നതും അതെ- വാക്കും
ചിത്രങ്ങളും കൊണ്ട് നാനോ കഥകളുടെ തോഴന്!) പഠനത്തെക്കാൾ
അത്യാവശ്യം ഉടനെ തന്നെ ഒരു ജോലി നേടിയെടുക്കുക എന്നതായി ചിന്ത.

''ആ പ്രായത്തിൽ അപേക്ഷിക്കാവുന്ന ഡിഫൻസ് സർവീസസ്

ജോലികൾക്ക് അപേക്ഷിച്ചു തുടങ്ങി. VHSE ഒരു വിധത്തിൽ പാസ്സായി. പഠിച്ചത് സയൻസായിരുന്നെങ്കിലും മാർക്ക് കുറവ്വായതു കൊണ്ട് കിട്ടിയത് ഇംഗ്ലീഷ് സാഹിത്യം. ചേർത്തല NSS കോളേജിൽ BAക്കു ചേർന്നു 6 മാസം കഴിഞ്ഞപ്പോഴേക്കും എയർഫോഴ്സിൽ സെലക്ഷൻ കിട്ടി"

ട്രെയിനിംങ് പൂർത്തിയായപ്പോള് നേരിട്ട് ലീഡിംങ് എയർക്രാഫ്റ്റ് സ്മാൻ എന്ന റാങ്കിലേക്ക് നിയമനം ആയത് വലിയൊരനുഗ്രഹമായി.

എയര്ഫോഴ്സ് കാലം തികഞ്ഞ അര്പ്പണത്തിന്റേതായി. "Guard of Honour പരേഡിന് സെലക്ടായി ഡൽഹിയിലെത്തി. ഇന്ത്യ സന്ദർശിച്ച അഞ്ച് രാഷ്ട്രങ്ങളുടെ തലവന്മാർക്ക്,
കര- നാവിക- വ്യോമ എന്നീ മൂന്ന് സേനാംഗങ്ങൾ ചേർന്ന് രാഷ്ട്രപതി ഭവനിൽ വെച്ച് നൽകുന്ന ഗാർഡ് ഓഫ് ഓണർ contingent ന്റെ ഭാഗമാകാൻ കഴിഞ്ഞതില് അഭിമാനം"

ആസ്സാം, ഡെല്ഹി, പഞ്ചാബ് , കേരളം (തിരുവനന്തപുരം ആക്കുളം കേന്ദ്രം) ഉത്തർപ്രദേശ് എന്നിവിടങ്ങളിലൊക്കെയായി 20 വർഷത്തെ വായുസേനാ സേവനം പൂർത്തിയാക്കി 2012 ജൂലൈയിൽ തിരിച്ചു നാട്ടിലെത്തി"

ആദ്യമായി പങ്കെടുത്ത, IBPS ക്ലറിക്കല് പരീക്ഷയിലൂടെ 2012 സെപ്തംബറിൽ കനറാ ബാങ്കിൽ നിയമിതനാവുകയും ചെയ്തു- ബാങ്കര് ആയി മാറിയ അഭിമാന നിമിഷങ്ങള്! മലപ്പുറം ജില്ലയിലെ വൈലത്തൂർ ബ്രാഞ്ചിലായിരുന്നു ആദ്യ നിയമനം. പിന്നെ കുറ്റിപ്പുറം, പനമ്പിള്ളി നഗർ അരയൻ കാവ്, ഇപ്പോള് രാമമംഗലം ശാഖയിലേക്ക്
ട്രാന്സ്ഫര് ആയിരിക്കുന്നു.

ജോലിക്ക് ശേഷം തിരിച്ചെത്തിക്കഴിഞ്ഞ് സമയം പോലെ ബാങ്ക് ട്രോൾസ് വായിച്ചു ചിരിക്കുകയും ഇടയ്ക്കൊക്കെ സ്വന്തമായി ട്രോൾ ഉണ്ടാക്കി പോസ്റ്റ് ചെയ്യുകയും ചെയ്യുന്നതിനിടയില് കിട്ടുന്ന പ്രോത്സാഹനങ്ങളും കമന്റുകളുമാണ് തന്നിലെ സര്ഗ്ഗപരമായ കഴിവുകളുടെ ആധാരം- വിനോദ്, ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ ഒത്തൊരുമയിലേക്ക് മനസ്സു തുറന്നു.

2019 ൽ ആണ് ടാലന്റഡ് ബാങ്കേഴ്സിനെക്കുറിച്ച്
കൂടുതലറിയുവാന് കഴിയുന്നതും അതിന്റെ പോസ്റ്റുകളിലൂടെ യാത്ര തുടങ്ങിയതും.

" TB യിൽ വരുന്ന വെറൈറ്റി പ്രോഗ്രാമുകളുടെ ഒരു കാഴ്ചക്കാരനായിരുന്നു ഞാൻ. ജോലി കഴിഞ്ഞ് വന്ന് വൈകുന്നേരം TB യിൽ ഒന്നു കയറി എല്ലാ പോസ്റ്റുകളും ആസ്വദിച്ചു കഴിയുമ്പോൾ , കമന്റുകളും കൗണ്ടർ കമന്റുകളും ഒക്കെയായി , നല്ല കുറേ സൗഹൃദങ്ങളുമായി പോകുമ്പോൾ

മനസ്സ് ശരിക്കും റിലാക്സ് ആകും.
അങ്ങനെയിരിക്കേ ഒരു ദിവസം അഡ്മിൻ വക ഒരു ടാസ്ക് , ഒരു ചിത്രം തന്നിട്ട് അത് വരക്കാൻ. പുഴയും തോണിയും തോണിക്കാരനും തെങ്ങും മരവും ഒക്കെയുള്ള മനോഹരമായ ഒരു ചിത്രം. വർഷങ്ങൾക്കു ശേഷം പെൻസിലും പേപ്പറും എടുത്ത് വര തുടങ്ങി. കുറേ സമയമെടുത്തെങ്കിലും അത് വരച്ചു പോസ്റ്റ് ചെയ്തു. ആ ടാസ്കിന്റെ പോപ്പുലാരിറ്റിയും പങ്കാളിത്തവും അത്ഭുതപ്പെടുത്തി. അതിൽ പങ്കെടുത്തവരില് നിന്ന് Short list ചെയ്തു final round ലേക്കെത്തിയ 10 ചിത്രങ്ങളിലൊന്ന് ഞാൻ വരച്ചതായിരുന്നു. അത് എനിക്ക് ഒരു വലിയ പ്രചോദനം ആയിരുന്നു. ഓരോ പോസ്റ്റിനും നമ്മുടെ ഗ്രൂപ്പ് അംഗങ്ങൾ ലൈക്കായും കമന്റായും ഒക്കെ തരുന്ന ഒരു സപ്പോർട്ട് ! അതും ഒത്തിരി ആത്മവിശ്വാസം തരുന്ന ഒരു കാര്യം തന്നെയാണ്" - വിനോദിന്റെ വാക്കുകളില് വെണ്മേഘ ചാരുത.

"ചെറിയ തോതിൽ എഴുതിത്തുടങ്ങിയ സമയത്തായിരുന്നു 'കമ്മട്ടം'- ബാങ്കര് കഥകളുടെ സമാഹാരം - പുസ്തകത്തിന്റെ അറിയിപ്പു വരുന്നത്. ഞാൻ എഴുതിയ 'കണക്റ്റിവിറ്റി' എന്ന ചെറുകഥയും അതിലുണ്ട്.അങ്ങിനെ അമ്പത്തിനാലു ബാങ്കര് കഥാകാരിലൊരാളായി മാറാൻ കഴിഞ്ഞു.
പാട്ടും നൃത്തവുമൊഴിച്ച്
ഏതിലും പങ്കെടുക്കുക, ഭാഗമാവുക, വീട്ടുകാരിയോടും കുഞ്ഞുങ്ങളോടുമൊത്തു കൂടിയിരുന്ന് അവ ആസ്വദിക്കുക- ടീ ബിയുടെ വേദികള് മഹാമാരിയുടെ സമയത്തെ ഉത്തേജക പാക്കായി മാറി"- വിനോദ് ആഹ്ലാദപുരസ്സരം പറയുന്നു.

സംഗീതഭ്രമം കൊണ്ട് തനിക്കാവാകുന്നത് മൃദംഗ വാദനമാണെന്ന തിരിച്ചറിവില്, തൃപ്പൂണിത്തുറ RLV കോളേജിലെ അദ്ധ്യാപകനായ കോഴിക്കോട് സ്വദേശി ശ്രീ രാകേന്ദ് മാഷിനെ ഗുരുവായി സ്വീകരിച്ചു പഠനം തുടങ്ങി. പാഠക്കൈയും ആദിതാളവും കഴിഞ്ഞു . കോവിഡായതു കൊണ്ട് ക്ലാസുകൾ മുടങ്ങിപ്പോയി. ഇനിയത് പൂര്ത്തിയാക്കണം.

വീടിനു ചുറ്റുമുള്ള കുറച്ച് സ്ഥലത്തും ടെറസ്സിലുമായി പച്ചക്കറിക്കൃഷി ചെയ്യുവാനും കൃഷിയുടെ വിശേഷങ്ങള് പങ്കു വെച്ച് ആഹ്ലാദം പലമടങ്ങാക്കുവാനും ടീബി ഫാംക്ലബ് തുണയാവുന്നു. അടുത്ത കാലത്തെ കൃഷി വിശേഷം ഒരു നേന്ത്രക്കുലയായി
വന്നത് ടീ ബി ആഘോഷമാക്കി മാറ്റുകയും ചെയ്തു.

കുടുംബമാണ് തന്റെ എല്ലാ ആക്റ്റിവിറ്റീസിന്റേയും കട്ട സപ്പോട്ടേഴ്സ് എന്ന് വിനോദ് സാക്ഷ്യപ്പെടുത്തുന്നു. . ഭാര്യ, ശ്രീമതി ശ്രീദാ രാജ്, പാചകം , ഗാർഡനിംങ്, തയ്യൽ എന്നീ മേഖലയിലൊക്കെ നൈപുണ്യമാര്ജിച്ച വീട്ടമ്മ. രണ്ടുമക്കള്- മൂത്തയാള് ഗൗരി CBSE 10th ക്ലാസ്സില് തിളക്കമാര്ന്ന വിജയം- ഫുള് A1- കരസ്ഥമാക്കിയ ആഴ്ച കൂടിയാണിത്. വയലിൻ, മണ്ഡല

ആർട്ട് , പെയിന്റിങ് ഒക്കെ ഇഷ്ടമായ ഗൗരി ടീബി
ജൂനിയറില് വാട്ടർ കളര് ചിത്രങ്ങളും വരച്ചിട്ടുണ്ട്. ഇളയയാള്, സഞ്ജയ് 7th സ്റ്റാൻഡേർഡിൽ പഠിക്കുന്നു. പെൻസിൽ ഡ്രോയിംങില്.
തല്പരന് രണ്ടുപേരും ചേർന്ന് 'ടപീറ്റ് ആർട്ട്' എന്ന ഒരു യുടൂബ് ചാനലും തുടങ്ങിയിട്ടുണ്ട്.

വിനോദ്, ബാങ്ക് ട്രോള്സ് ല് പകര്ത്തി വച്ച സറ്റയറുകള്ക്ക് മികച്ച പ്രതികരണമാണ് ലഭിച്ചിരുന്നത്. ആഹ്ലാദത്തിന്റെ അളവുകോലായ "'ആയിരം K" കിട്ടിയ ട്രോളുകളില് ചിലത്
ചുവടെ ചേര്ക്കുന്നു.

https://www.facebook.com/.../permalink/2941202789469784/

https://www.facebook.com/.../permalink/2792687934321271/

https://www.facebook.com/.../permalink/2582151912041542/

https://www.facebook.com/.../permalink/2574655036124563/

ഈ ലേഖനം തയ്യാറാക്കുന്ന സമയത്ത് ബാങ്ക് ട്രോള്സ് ല് പ്രത്യക്ഷപ്പെട്ട - No Prohibitions Applicable- NPA - എന്ന ട്രോള്, സറ്റയറിന്റെ ഉദാത്ത തലങ്ങളെ വെളിവാക്കുന്നു.

എറണാകുളത്തെ ബാങ്കു ജീവനക്കാരുടെ കലാസാംസ്കാരിക കൂട്ടായ്മയായ BEAM E ( Bank Employees Arts Movement- Ernakulam) ന്റെ Executive Committee അംഗമായും വിനോദ് സാംസ്കാരിക വേദികളുടെ ഭാഗമാകുന്നു.

വിനോദിനും കുടുംബത്തിനും സമ്മോഹനമായ ആഗസ്റ്റിന്റെ സ്വാതന്ത്യദിനാഘോഷവും ഓണമഹോത്സവ ദിനങ്ങളും നേർന്നു കൊണ്ട്,

ടാലന്റഡ് ബാങ്കേഴ്സ്.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
-----------------------------------------------------------------------------------------------
Today's Talented Banker is a prominent member of the Bank Trolls group. "I have no scope to

be lazy. It hurt me by the end of VHSE; I took a leap from there to the Indian Airforce. I am glad to share the wonderful news of Gouri's success too this week.” This banker has shun his lethargy and embraced agility:
Vinod N
(Vinod Natesan)
Canara Bank
Ramamangalam branch
Ernakulam

He was born in Thekan Paravur village of Udayamperur Panchayat in Ernakulam as the third child of late Shri. E.V.Natesan, who worked as a bus driver, and Smt. Saradamani.

He did his schooling from KPMHS, Poothotta. He still cherishes the Reynolds pen gifted by his 7th standard class teacher for the best handwriting. His interest in sports and cricket affected his dedication to studies and after school he joined for VHSE at GRFTHS, where he continued to neglect studies.

He was fond of movies. Some of them taught him much about life too. Then he made up his mind to get a job at the earliest. “I applied for all defence services, cleared VHSE but as he got less marks in Science, he got admission for BA English. 6 months into the course at Cherthala NSS College, I got selected in the Indian Airforce.”

With the completion of training, he got appointed as the leading aircraftsman. There he worked with dedication. “I am proud to have been selected in the Guard of Honour parade in New Delhi, in front of the heads from five countries who visited India. I worked in Assam, Delhi, Punjab, Kerala (Akkulam, Thiruvananthapuram) and Uttar Pradesh for 20 years after which I returned home in July 2012.”

He cleared the first IBPS clerical test and joined Canara bank in September 2012. His first posting was in the Vailathur branch in Malappuram. Then he served in Kuttipuram, Panampilly Nagar, Arayankaavu after which he was transferred to Ramamangalam branch where he works now.

Vinod exclaims that he spends his evening hours on returning home enjoying the bank trolls posts and even posting a few of his own. The comments and encouragements received for his posts boosts his confidence and drives him forward.

He was introduced to the Talented Bankers group in 2019. “ I have always been a spectator of the various programmes in the group. It is highly relaxing to skim through the posts in the group, comment and counter comment on them. One day, I spotted a beautiful picture of a boat in a river with trees around, posted by the admin as a task to reproduce. Thus, after many years, I found a pencil and a paper and drew the picture and posted it. I was astonished by the popularity of the task, and also to know that my picture was one of the shortlisted 10. That was a great recognition. And it is great motivation the likes and comments supporting a post!”

“I had just started writing when I saw the notification regarding the compilation of bankers’ tales, Kammatam. My short story ‘Connectivity’ too got in to the list of 54 stories in the book.

To participate in almost all programmes of our group, to enjoy them with the family – The events in our group helped us all to tide over the lockdown period.”

He has started learning Mridangam lessons under the tutelage of Shri. Rakend, a teacher at Thripunithura RLV College. He has learned Paadakai and Aadi thaalas. He is striving to learn the remaining lessons that got disturbed with the covid issues.

The TB farm club has enabled him to grow vegetables on the terrace and in the land around his home, and also share his experiences. Recently he got a banana bunch the picture of which was celebrated in the Talented bankers group.

He insists that his family is his greatest support for all his activities. His wife Smt. Sreeda Raj is an expert in cooking, gardening and stitching. They are blessed with two kids. The elder one, Gouri, secured full A1 for CBSE 10th board examination this week. She loves violin, mandala art and painting, and has posted her paintings in our TB junior group. The younger one, Sanjay, is in the 7th standard. He is an expert in pencil drawing. They have both together started a YouTube channel named ‘Tweet Art'.

Vinod's satires have attracted the attention of many. Below are the links to a few of them that attained the benchmark of 1K likes:

**https://www.facebook.com/.../permalink/2941202789469784/**

**https://www.facebook.com/.../permalink/2792687934321271/**

**https://www.facebook.com/.../permalink/2582151912041542/**

**https://www.facebook.com/.../permalink/2574655036124563/**

A very recent satire he posted regarding No Prohibitions Applicable – NPA – speaks its high standard.

Vinod is also part of BEAM E (Bank Employees Art Movement- Ernakulam).

We wish Vinod and his family a wonderful Independence Day and Onam, and that they be blessed with all happiness forever!